# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **5738**

**18-11-2019** ൽ മറുപടിയ്ക്ക്

# കൊച്ചിയിൽ നിന്നും കപ്പൽ സർവ്വീസുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.ജെ. മാക്സി : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കൊച്ചി കേന്ദ്രീകരിച്ച് മാലിദ്വീപ്, കൊളംബോ എന്നിവിടങ്ങളിലേക്ക് യാത്രാ കപ്പൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) യും (ബി) യും | ഇതു സംബന്ധിച്ച പദ്ധതികളൊന്നും തുറമുഖ വകുപ്പിന്റെ പരിഗണനയിലില്ല. |
| (ബി) കൊച്ചിയിൽ നിന്ന് തങ്കശ്ശേരി വഴി മാലിദ്വീപ്, ശ്രീലങ്ക എന്നീ രാജ്യങ്ങളിലേക്ക് കാർഗോ സർവ്വീസ് ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ; | | |
| (സി) കൊച്ചി-കോഴിക്കോട് ഹൈഡ്രോഫോയിൽ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികൾക്കുണ്ടായിരുന്ന ആശങ്ക മാറ്റുന്നതിന് നടപടി സ്വീകരിച്ചുവോയെന്ന് വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ ; | (സി) | തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് അതിവേഗ യാത്രാകപ്പൽ സർവ്വീസ് നടത്തുന്നതിന് താല്പര്യപത്രം ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 29/03/2016-ൽ പ്രൈവറ്റ് പാർട്ടിയായ മെസേഴ്സ്. സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡുമായി എഗ്രിമെന്റിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിനായി മെസേഴ്സ്. സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡ് വിദേശത്തുനിന്ന് രണ്ട് കപ്പലുകൾ കൊച്ചിയിൽ എത്തിച്ചിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം കപ്പൽ വാങ്ങുന്നതും, നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി |

| | | | |
|---|---|---|---|
| | | | കപ്പൽ സർവ്വീസ് നടത്തേണ്ട ചുമതലയും സ്വകാര്യ പങ്കാളിയ്ക്കാണ്. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ തുറമുഖ വകുപ്പ് ചർച്ച ചെയ്തിട്ടില്ല. |
| (ഡി) | തീരദേശകപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടിയായി കൊല്ലം തുറമുഖത്ത് (തങ്കശ്ശേരി) എമിഗ്രേഷൻ ഓഫീസ് ആരംഭിച്ചുവോ; വിശദാംശം വ്യക്തമാക്കുമോ ? | (ഡി) | കൊല്ലം തുറമുഖത്തെ എൻടി എക്സിറ്റ് പോർട്ടായി പ്രഖ്യാപിക്കണമെന്നുള്ള സംസ്ഥാന സർക്കാരിന്റെ ആവശ്യം പരിഗണിച്ച് ആഭ്യന്തര മന്ത്രാലയത്തിലെ ഇമിഗ്രേഷൻ ബ്യൂറോ ഉദ്യോഗസ്ഥർ 17-01-2019 ൽ തുറമുഖം സന്ദർശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൊല്ലത്ത് ചില അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. ടി നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയാണ്. |

**സെക്ഷൻ ഓഫീസർ**